"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് കോവിഡ് 19 രണ്ടാം തരംഗം വ്യാപകമായ സാഹചര്യം പരിഗണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മുൻ വർഷങ്ങളിൽ വിവിധ വ്യാപാര - വ്യവസായ ലൈസൻസുകൾ പുതുക്കാത്തവർക്ക് ഒറ്റത്തവണ ആനുകൂല്യം - വ്യക്തത വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.1253/2021/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 03/07/2021

---

പരാമർശം:- 1.) 25.02.2021 ലെ സ.ഉ.(സാധാ) നം. 581/2021/തസ്വഭവ

2.) 19.05.2021 ലെ സ.ഉ.(സാധാ) നം. 1016/2021/തസ്വഭവ

**ഉത്തരവ്**

കോവിഡ് 19 വ്യാപനസാഹചര്യം പരിഗണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2021-22 വർഷത്തെ വിവിധ വ്യാപാര - വ്യവസായ ലൈസൻസുകൾ പുതുക്കുന്നതിനുള്ള കാലാവധി പരാമർശം 1 പ്രകാരം 20.03.2021 വരെയും പരാമർശം 2 പ്രകാരം 31.08.2021 വരെയും ദീർഘിപ്പിച്ച് നൽകിയിരുന്നു.

പരാമർശം 2-ലെ ഉത്തരവിന്റെ ആനുകൂല്യം മുൻവർഷങ്ങളിൽ ലൈസൻസ് പുതുക്കാത്തവർക്കും 2021-22 വർഷത്തേക്ക് പുതുക്കാൻ അപേക്ഷിക്കുന്നവർക്കും ബാധകമായിരിക്കുന്നതാണ് എന്നത് കൂടി വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I / ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി3/108/2019/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

Bindu T

സെക്ഷൻ ഓഫീസർ